# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 93 — 10.06.2013 ന് മറുപടിക്ക്

## തോട്ടങ്ങൾ ഏറ്റെടുത്തതിന്റെ വിശദാംശം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.ചെന്താമരാക്ഷൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു മുഖ്യമന്ത്രി)** |
| (എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങളാണ് സംസ്ഥാനത്തുള്ളത്; വിശദമാക്കാമോ; | (എ) കോട്ടയം മാങ്കുളം ഡിവിഷനുകളിൽ നിന്നും കെ.എഫ്.ഡി.സിക്ക് പാട്ടത്തിന് നൽകിയിട്ടുള്ള രണ്ട് തോട്ടങ്ങൾ, കണ്ണൂർ സർക്കിളിൽ കാസർകോഡുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ കീഴിലുള്ള രാജപുരം എസ്റ്റേറ്റ്, കോഴിക്കോട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ കീഴിലുള്ള എക്സ്പെരിമെന്റൽ ഫാം എന്നിവയുടെ പാട്ടകരാർ കാലാവധി കഴിഞ്ഞിട്ടുണ്ട്. കൂടാതെ പാലക്കാട് സർക്കിളിൽ റോസറി, ക്ലിഫ് വ്യൂ, ഉത്തംപാറ എന്നീ എസ്റ്റേറ്റുകളുടെ പാട്ടക്കരാർ കാലാവധി കഴിഞ്ഞതിനെ തുടർന്ന് സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനം വകുപ്പ് എത്ര തോട്ടങ്ങൾ ഏറ്റെടുത്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിൽ; വിശദമാക്കാമോ; | (ബി) പാലക്കാട് ജില്ലയിലെ മീരാഫ്ളോറസ് എസ്റ്റേറ്റ് (486.63 ഏക്കർ) 27.06.2011 ന് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) ഇനി എത്ര തോട്ടങ്ങൾ ഏറ്റെടുക്കാനുണ്ട്; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) കോട്ടയം മാങ്കുളം ഡിവിഷനുകളിൽ നിന്നും കെ.എഫ്.ഡി.സിക്ക് പാട്ടത്തിന് നൽകിയിട്ടുള്ള പാട്ടക്കാലാവധി കഴിഞ്ഞ രണ്ട് തോട്ടങ്ങളുടെയും, കണ്ണൂർ സർക്കിളിൽ കാസർകോഡുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള - യുടെ കീഴിലുള്ള രാജപുരം എസ്റ്റേറ്റ്, കോഴിക്കോട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ കീഴിലുള്ള എക്സ്പെരിമെന്റൽ ഫാം എന്നിവയുടേയും പാട്ടക്കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. പാലക്കാട് സർക്കിളിന്റെ കീഴിൽ ഏറ്റെടുക്കുവാനുള്ള തോട്ടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## പാലക്കാട് സർക്കിളിൽ ഏറ്റെടുക്കവാനുള്ള തോട്ടങ്ങളുടെ വിശദാംശം

<table>
<tr><th>ക്രമ നമ്പർ</th><th>എസ്റ്റേറ്റിന്റെ പേര്</th><th>ഏറ്റെടുക്കുവാൻ സ്വീകരിച്ച നടപടി</th></tr>
<tr><td>1</td><td>ചെറുനെല്ലി ലോവർ</td><td rowspan="3">പാട്ടക്കരാർ ലംഘനത്തെ തുടർന്ന് പാട്ടക്കരാർ റദ്ദാക്കി. കോടതി സ്റ്റേ ഉള്ളതിനാൽ തിരിച്ചെടുത്തിട്ടില്ല.</td></tr>
<tr><td>2</td><td>രാജാക്കാട്</td></tr>
<tr><td>3</td><td>മോങ്ക്‌വുഡ്</td></tr>
<tr><td>4</td><td>ബിയാട്രീസ്</td><td rowspan="6">പാട്ടക്കരാർ ലംഘിച്ചതിനാൽ തിരിച്ചെടുക്കുന്നതിന് മുന്നോടിയായി കാരണം കാണിയ്ക്കൽ നോട്ടീസ് സർക്കാരിന്റെ പരിഗണനയിൽ</td></tr>
<tr><td>5</td><td>അലക്സാണ്ട്രിയ-എ(8 എസ്റ്റേറ്റുകൾ)</td></tr>
<tr><td>6</td><td>അലക്സാണ്ട്രിയ-ബി(6 എസ്റ്റേറ്റുകൾ</td></tr>
<tr><td>7</td><td>ബ്രൂക്ക് ലാന്റ്</td></tr>
<tr><td>8</td><td>കാരപ്പാറ</td></tr>
<tr><td>9</td><td>കാരപ്പാറ(ബി) കൈരളി</td></tr>
<tr><td>10</td><td>ചന്ദ്രാമല(6 എസ്റ്റേറ്റുകൾ)</td><td rowspan="3">പാട്ടക്കരാർ ലംഘിച്ചതിനാൽ തിരിച്ചെടുക്കുന്നതിന്</td></tr>
<tr><td>11</td><td>മണലാരു</td></tr>
<tr><td>12</td><td>പോത്തുപാറ</td></tr>
<tr><td>13</td><td>ലില്ലി</td><td rowspan="5">മുന്നോടിയായി കാരണം കാണിയ്ക്കൽ നോട്ടീസ് സർക്കാരിന്റെ പരിഗണനയിൽ</td></tr>
<tr><td>14</td><td>കരടിമല</td></tr>
<tr><td>15</td><td>മോങ്ക്‌വുഡ്</td></tr>
<tr><td>16</td><td>മണലാരു</td></tr>
<tr><td>17</td><td>വിക്ടോറിയ</td></tr>
</table>

സെക്ഷൻ ഓഫീസർ